## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** | **10.07.2015 - ൽ മറുപടിയ്ക്ക്**

### അംഗൻവാടികളുടെ ശോച്യാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ.കെ.ടി. ജലീൽ**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.വി.ചെന്താമരാക്ഷൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ചെയ്തു എന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ശോച്യാവസ്ഥയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ ശോച്യാവസ്ഥയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സുരക്ഷിതമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും സൗകര്യങ്ങൾ ഇല്ലാത്ത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടെത്തി മാറ്റി പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) സുരക്ഷിതമല്ലാത്ത വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ശ്രദ്ധയിൽ-പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. സുരക്ഷിതമല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സുരക്ഷിതമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗൻവാടികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) NABARD - RIDF പദ്ധതികളിലുൾപ്പെടുത്തി 84 എണ്ണം, മാതൃകാ അങ്കണവാടി പദ്ധതി പ്രകാരം 34 എണ്ണം, പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 22 എണ്ണം എന്നിങ്ങനെ വിവിധ പദ്ധതികളിലായി 140 അങ്കണവാടികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) നിർമ്മാണം കഴിഞ്ഞിട്ടും അംഗൻ-വാടികൾക്കായി കൈമാറാത്ത കെട്ടിടങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) നിർമ്മാണം കഴിഞ്ഞിട്ടും അങ്കണവാടികൾ കൈമാറിയിട്ടില്ലാത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1. NABARD-RIDF പദ്ധതി പ്രകാരമുള്ള അങ്കണവാടി കെട്ടിട നിർമ്മാണം**

NABARD-RIDF പദ്ധതിയിലുൾപ്പെടുത്തി 506 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ നിലവിൽ സ്ഥലം ലഭ്യമായിട്ടുള്ള 313 അങ്കണവാടികളിൽ 84 എണ്ണം പൂർത്തീകരിക്കുകയും ശേഷിക്കുന്നവയിൽ 186 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. 43 എണ്ണത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**2. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം**

ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി പദ്ധതി പ്രകാരം നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള 108 അങ്കണവാടികളിൽ 34 അങ്കണവാടിളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**3. പ്ലാൻ ഫണ്ട്**

**2012-13**

പട്ടികജാതി പട്ടിക വർഗ്ഗ മേഖലയ്ക്ക് മുൻഗണന നൽകിക്കൊണ്ട് തിരഞ്ഞെടുത്ത 35 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 3.5 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 15 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2013-14**

a) കോഴിക്കോട് ജില്ലയിൽ 5 അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് 50 ലക്ഷം രൂപ അനുവദിക്കുകയും കെട്ടിട നിർമ്മാണ ചുമതല PWD യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

b) 14 ജില്ലകളിലായി 37 അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഒരു അങ്കണവാടിയ്ക്ക് 8 ലക്ഷം രൂപ നിരക്കിൽ 37 അങ്കണവാടികൾക്ക് 2.96 കോടി രൂപ അനുവദിക്കുകയും ആയതിൽ 5 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

c) 31 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ നിരക്കിൽ 620 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. അയതിൽ ഒന്നിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

d) പാലക്കാട് ജില്ലയിൽ അട്ടപ്പാടി മേഖലയിൽ 8 ലക്ഷം രൂപാ നിരക്കിൽ 5 അങ്കണവാടികളും 10 ലക്ഷം രൂപ നിരക്കിൽ 20 അങ്കണവാടികളും നിർമ്മിക്കുന്നതിന് ആകെ 240 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**2014-15**

11,66,000/- രൂപാ നിരക്കിൽ 60 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ, ഒരു അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1.04.94,000/- രൂപ വിനിയോഗിച്ച് SC/ST മേഖലയിൽ 9 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**2015-16**

4,94,00,000/- രൂപ വിനിയോഗിച്ച് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**